# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**06.12.2018 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **2505**

**ഡാമിന്റെ പരിസര പ്രദേശങ്ങളിലെ ഭൂകമ്പ സാധ്യത**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെങ്കിലും ഡാമിന്റെ പരിസര പ്രദേശങ്ങളിൽ ഭൂകമ്പമാപിനിയിൽ റിക്ടർ സ്കെയിൽ 5.1 രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) മുല്ലപ്പെരിയാർ ഡാമിന്റെ പരിസര പ്രദേശങ്ങളിൽ റിക്ടർ സ്കെയിലിൽ 5 ഉം അതിൽ കൂടുതലും രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായിട്ടുണ്ട്. 2008 ൽ ഐ.ഐ.ടി. റൂർക്കി സമർപ്പിച്ച 'STRUCTURAL STABILITY OF MULLAPERIYAR DAM CONSIDERING THE SEISMIC EFFECTS PART I – SEISMIC HAZARD ASSESSMENT' എന്ന റിപ്പോർട്ടിൽ 1822, 1867, 1900, 1901, 1993, 1938, 1953, 1993 എന്നീ വർഷങ്ങളിൽ മുല്ലപ്പെരിയാറിന്റെ പരിസരപ്രദേശങ്ങളിൽ റിക്ടർ സ്കെയിൽ 5.7, 6, 5, 5.4 രേഖപ്പെടുത്തിയ ഭൂകമ്പങ്ങൾ ഉണ്ടായിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. മറ്റു ഡാമുകളെ സംബന്ധിച്ച വിവരം വ്യവസായ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല. |
| (ബി) പ്രസ്തുത പ്രദേശങ്ങളിൽ ഭൂകമ്പം, ഭൂമി കുലുക്കം എന്നിവ ഉണ്ടാകുവാൻ സാധ്യത ഉണ്ടെന്ന കാര്യം രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവിടങ്ങളിൽ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ;<br>(സി) ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (ബി) & (സി) Seismic Zoning map of India പ്രകാരം മുല്ലപ്പെരിയാർ ഡാം സ്ഥിതി ചെയ്യുന്ന സ്ഥലം Seismic Zone III -ൽ ഉൾപ്പെടുന്നു. മുല്ലപ്പെരിയാർ ഡാമിന്റെ പരിസര പ്രദേശങ്ങളിൽ ഭൂകമ്പം, ഭൂമികുലുക്കം എന്നിവ ഉണ്ടാകാൻ സാധ്യത ഉണ്ടെന്ന കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ഭൂകമ്പ സാധ്യതയെക്കുറിച്ച് സെസ്സും (NCESS), ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എന്ന സ്ഥാപനത്തിലെ പ്രൊ. ആർ.എൻ. അയ്യങ്കാറും, ഐ.ഐ.ടി റൂർക്കിയും പഠനം നടത്തിയിട്ടുണ്ട്. ഭൂകമ്പ സാധ്യതയെക്കുറിച്ച് റൂർക്കി ഐ.ഐ.ടി. നടത്തിയ പഠന റിപ്പോർട്ടിൽ ഭൂകമ്പ മേഖലാ ഭൂപടം അനുസരിച്ച് മൂന്നാമത്തെ ഭൂകമ്പ മേഖലയിലാണ് മുല്ലപ്പെരിയാർ ഡാം സ്ഥിതിചെയ്യുന്നതെന്നും മോഡിഫൈഡ് മെർക്കാലി ഇന്റൻസിറ്റി VII അളവിലുള്ള ഭൂകമ്പം വരാൻ സാധ്യതയുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. ഭൂകമ്പ സാധ്യതയുള്ള പ്രദേശങ്ങളിൽ നിർമ്മാണാനുമതി |

നൽകിയ വിഷയം സംബന്ധിച്ച് ആധികാരികമായി സർക്കാർ പഠനം നടത്തിയിട്ടില്ല.

| | |
|---|---|
| (ഡി) ഡാമുകളുടെ പരിസര പ്രദേശങ്ങളിൽ നിർമ്മാണത്തിന് അനുമതി ആവശ്യപ്പെടുന്ന ഫയലുകൾ പരിശോധിക്കുന്ന സമിതികളിൽ ജിയോളജി വകുപ്പിന്റെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) ഡാമുകളുടെ പരിസര പ്രദേശങ്ങളിൽ നിർമ്മാണത്തിന് അനുമതി ആവശ്യപ്പെടുന്ന ഫയലുകൾ പരിശോധിക്കുന്ന സമിതികളിൽ നിലവിൽ ജിയോളജി വകുപ്പിന്റെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടില്ല. |
| (ഇ) സംസ്ഥാനത്തെ ഭൂകമ്പ സാധ്യതകളെക്കുറിച്ച് ഓരോ ജില്ലകളിലെയും ജിയോളജി വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) സംസ്ഥാനത്തെ ഭൂകമ്പ സാധ്യതകളെകുറിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ